## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*75. 14.01.2021 ൽ മറുപടിയ്ക്ക്

## നിശാപാർട്ടികളിലെ ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>ഡോ.എം.കെ.മുനീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടക്കുന്ന നിശാപാർട്ടികളിൽ വ്യാപകമായ തോതിൽ കഞ്ചാവും മറ്റ് ലഹരി മരുന്നുകളും ഉപയോഗിച്ച് വരുന്നത് കണ്ടെത്തി തടയുന്നതിൽ എക്സൈസ് വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; | (എ) | ഇല്ല. നിശാപാർട്ടികളിലും മറ്റും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് എക്സൈസ് വകുപ്പ് സമഗ്രമായ അന്വേഷണങ്ങൾ നടത്തിവരുന്നു. കൂടാതെ വിവരശേഖരണം നടത്തുന്നതിനും നിശാപാർട്ടികൾ കണ്ടെത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിശാപാർട്ടി സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ആലുവ റെയ്ഞ്ചിൽ 08.12.2018-ൽ സി.ആർ.18/2018 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അഞ്ച് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എക്സൈസ് വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | സംസ്ഥാന എക്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രഹസ്യ വിവരശേഖരണത്തിനും മറ്റുമായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പ്രവർത്തിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | എക്സൈസ് ഇന്റലിജൻസ് വിഭാഗം മദ്യ-മയക്കമരുന്ന കടത്ത് സംബന്ധിച്ച് വിവര ശേഖരണം നടത്തി ഫീൽഡ് യൂണിറ്റുകൾക്ക് നൽകുന്നുണ്ട്. രഹസ്യ വിവര ശേഖരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നിർദ്ദേശം ഡിവിഷണൽ ഇന്റലിജൻസ് യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. നിലവിൽ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന് ഓരോ ജില്ലയിലും ഒരു എക്സൈസ് ഇൻസ്പെക്ടർ, 5 പ്രിവന്റീവ് ഓഫീസർ എന്ന നിലയിലാണ് തസ്തിക അനുവദിച്ചിട്ടുള്ളത്. ജില്ലയിലെ പ്രാപ്തരും വിവരശേഖരണത്തിൽ സമർത്ഥരുമായിട്ടുള്ള ജീവനക്കാരെ ഇന്റലിജൻസ് വിഭാഗത്തിൽ നിയമിക്കുന്നതിനും, ടി ജീവനക്കാർക്ക് പ്രത്യേകം പരിശീലനം നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**